**09.01.2024 ാം തീയതി രാവിലെ 11.00 ന് ഫിഷറീസ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ഫിഷറീസ് ഡയറക്ടറേറ്റിലെ കോൺഫറൻസ് ഹാളിൽ കൂടിയ സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന്റെ 7-ാ മത് യോഗത്തിന്റെ മിനിട്ട്സ്.**

**പങ്കെടുത്തവർ**

1. ഡോ. അദീല അബ്ദുള്ള ഐ.എ.എസ്സ്. ഫിഷറീസ് ഡയറക്ടർ — ചെയർമാൻ
2. ശ്രീമതി. ശ്രീലു എൻ. എസ്സ്. ഫിഷറീസ് അഡീഷണൽ ഡയറക്ടർ — വൈസ് ചെയർമാൻ
3. ഡോ. സി. രാമചന്ദ്രൻ, പ്രിൻസിപ്പൽ സയന്റിസ്റ്റ്, CMFRI, കൊച്ചി. — മെമ്പർ
4. ഡോ. ഇ. എം. അബ്ദുൽസമദ് CMFRI, കൊച്ചി. — മെമ്പർ
5. ഡോ. മധു വി.ആർ. സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി, CIFT, കൊച്ചി. — മെമ്പർ
6. ശ്രീ. എ. ഇ. അയ്യൂബ്, ഫിഷറി സർവ്വേ ഓഫ് ഇന്ത്യ, കൊച്ചി — മെമ്പർ
7. ശ്രീ. ജോൺസൺ ഡിക്രൂസ്, ഡെപ്യൂട്ടി ഡയറക്ടർ എം.പി.ഇ.ഡി.എ. — മെമ്പർ
8. ശ്രീ. പി. പി. ചിത്തരജ്ഞൻ ജനറൽ സെക്രട്ടറി, സി.ഐ.റ്റി.യു(ഓൺലൈൻ മുഖേന) — മെമ്പർ
9. ശ്രീ. എസ്സ്. സുബാഹു മത്സ്യത്തൊഴിലാളി കോൺഗ്രസ്സ്, സംസ്ഥാന വൈസ് പ്രസിഡന്റ് — മെമ്പർ
10. ജോസഫ് സേവ്യർ കളപ്പുരയ്ക്കൽ, ജനറൽ സെക്രട്ടറി എ.കെ.എഫ്.ബി.ഒ.എ. — മെമ്പർ
11. ശ്രീ. ഉമ്മർ ഒട്ടുമ്മൽ പ്രസിഡന്റ്, മത്സ്യത്തൊഴിലാളി ഫെഡറേഷൻ, എസ്സ്.ടി.യു. — മെമ്പർ
12. ശ്രീ. പി. പി. ഉദയ ഘോഷ്, പ്രസിഡന്റ്, ഭാരതീയ മത്സ്യപ്രവർത്തക സംഘം — മെമ്പർ
13. ഡോ. കെ. സുനിൽ മുഹമ്മദ് പ്രിൻസിപ്പൽ സയന്റിസ്റ്റ്(റിട്ട.), സി.എം.എഫ്.ആർ.ഐ. എക്സ്പെർട്ട് ഇൻ മറൈൻ റിസോഴ്സ് കൺസർവേഷൻ — മെമ്പർ

14. ശ്രീ. അലക്സ് കെ. നൈനാൻ, സീ ഫുഡ് എക്സ്പോർട്ടേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ, കേരള ഘടകം — മെമ്പർ

15. ശ്രീ. ചാൾസ് ജോർജ്ജ് കേരള മത്സ്യത്തൊഴിലാളി ഐക്യവേദി, റ്റി.യു.സി.ഐ. സംസ്ഥാന പ്രസിഡന്റ് — പ്രത്യേക ക്ഷണിതാവ്

16. അസി. കമാൻഡന്റ് ശിവരാജ്, ഇന്ത്യൻ കോസ്റ്റ്ഗാർഡ് — മെമ്പർ

17. ശ്രീ. പ്രതീഷ് ബാബു, ഇന്ത്യൻ കോസ്റ്റ്ഗാർഡ്

18. ഡോ. പി. സഹദേവൻ, മാനേജിംഗ് ഡയറക്ടർ, മത്സ്യഫെഡ് — പ്രത്യേക ക്ഷണിതാവ്

19. ശ്രീ. രാജീവ് എസ്സ്.ഐ., റീജിയണൽ എക്സിക്യൂട്ടീവ് മത്സ്യബോർഡ് — പ്രത്യേക ക്ഷണിതാവ്

20. ശ്രീ. എം. താജുദ്ദീൻ, ഫിഷറീസ് ജോയിന്റ് ഡയറക്ടർ,

21. ശ്രീ. എം. ശ്രീകണ്ഠൻ ഫിഷറീസ് ജോയിന്റ് ഡയറക്ടർ. — മെമ്പർ സെക്രട്ടറി

22. ശ്രീമതി. ജയശ്രീ. ജി. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ. — മെമ്പർ കോ-ഓർഡിനേഷൻ

യോഗം രാവിലെ 11.00 മണിക്ക് ഫിഷറീസ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. കൗൺസിൽ അംഗങ്ങളെ എസ്സ്.എഫ്.എം.സി. മെമ്പർസെക്രട്ടറി യോഗത്തിലേയ്ക്ക് സ്വാഗതം ചെയ്തു. തുടർന്ന് മെമ്പർ സെക്രട്ടറി അജണ്ടയും മറ്റ് കാര്യങ്ങളും അവതരിപ്പിക്കുകയും അജണ്ടയിൻമേൽ വിശദമായ ചർച്ചയും നടന്നു.

കൗൺസിൽ അംഗം ശ്രീ. ഓസ്റ്റിൻ ഗോമസ്സ് നിര്യാതനായതിനെ തുടർന്ന് പകരം സർക്കാർ തീരുമാനപ്രകാരം കൗൺസിൽ അംഗമായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ. എസ്സ്. സുബാഹുവിനെ യോഗത്തിലേയ്ക്ക് സ്വാഗതം ചെയ്തു.

തുടർന്ന് രണ്ടാമത്തെ അജണ്ടയായി 10.03.2023 ന് ചേർന്ന എസ്സ്.എഫ്.എം.സി. യുടെ 6-ാം മത് യോഗ മിനിട്ട്സ് അംഗീകരിക്കലായിരുന്നു. ടി മീറ്റിംഗിന്റെ മിനിട്ട്സ് മെമ്പർ സെക്രട്ടറി വായിക്കുകയും യോഗം ആയത് ഐകകണ്ഠേന അംഗീകരിക്കുകയും ചെയ്തു.

മൂന്നാമതായി 10.03.2023 ന് ചേർന്ന എസ്സ്.എഫ്.എം.സി. യുടെ 6-ാം മത് കൗൺസിൽ യോഗ മിനിട്ട്സിലെ തീരുമാനങ്ങളും അതിന്മേൽ കൈക്കൊണ്ട നടപടികളെക്കുറിച്ചും മെമ്പർ സെക്രട്ടറി വിശദീകരിക്കുകയും കൗൺസിൽ യോഗ നടപടികളിൻമേൽ എടുത്ത തീരുമാനത്തിൽ അംഗങ്ങൾ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയും ചെയ്തു. മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന അതിഥി തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് ഏർപ്പെടുത്തുന്നതും

അവർക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുന്നതും സംബന്ധിച്ച വിഷയം ലേബർ കമ്മീഷണറുമായി ചർച്ച ചെയ്ത് തീരുമാനം അറിയിക്കുന്നതിനായി സർക്കാരിൽ നിന്നും നിർദ്ദേശം ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ലേബർ കമ്മീഷണറും ഫിഷറീസ് ഡയറക്ടറുമായി ചർച്ചയ്ക്ക് സമയം നിശ്ചയിക്കുന്നതിനായി ലേബർ കമ്മീഷണർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് മെമ്പർ സെക്രട്ടറി അറിയിച്ചു.

മത്സ്യബോർഡ്, മത്സ്യഫെഡ് എന്നീ സ്ഥാപനങ്ങളിലെ പ്രതിനിധികളെ എസ്സ്.എഫ്.എം.സി. യോഗത്തിൽ പങ്കെടുപ്പിക്കണമെന്ന കഴിഞ്ഞ യോഗത്തിന്റെ തീരുമാനം സർക്കാരിനെ അറിയിക്കുകയും സർക്കാരിൽ നിന്നും ടി വിഷയം സംബന്ധിച്ച അഭിപ്രായം ഫിഷറീസ് ഡയറക്ടർ ടി സ്ഥാപനങ്ങളെ അറിയിക്കണമെന്ന് നിർദ്ദേശിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥാപനങ്ങളിലെ പ്രതിനിധികളെ പ്രത്യേക ക്ഷണിതാക്കളായി നടപ്പ് യോഗത്തിൽ പങ്കെടുപ്പിക്കുകയും ചെയ്തു.

തുടർന്ന് വേമ്പനാട് കായലിലെ തുരുത്തുകളിൽ അടിഞ്ഞു കൂടിയിരിക്കുന്ന എക്കൽ നീക്കം ചെയ്യുന്നതിന് സംസ്ഥാന പരിസ്ഥിതി വകുപ്പിന് കത്ത് നൽകണമെന്ന് കഴിഞ്ഞ കൗൺസിൽ യോഗത്തിന്റെ തീരുമാന പ്രകാരം പരിസ്ഥിതി വകുപ്പിന് കത്ത് നൽകുകയും ടി വിഷയം പരിസ്ഥിതി കാലാവസ്ഥാ വകുപ്പിന്റെ പരിധിയിൽ വരുന്ന വിഷയമല്ല എന്നും ആയത് തണ്ണീർത്തട അതോറിറ്റിയുടെ കീഴിൽ വരുന്നതാണെന്ന് അറിയിക്കുകയും ചെയ്തു. തുടർന്ന് തണ്ണീർതടം അതോറിറ്റി (SWAK) ൽ നിന്നും Zone III (തണ്ണീർമുക്കം ബണ്ട് - കുട്ടനാട്) ൽ തോട്ടപ്പള്ളി Spilway dredging നായി 1157.3 ലക്ഷം രൂപ 100% കൺവേർജൻസ് എന്ന നിലയിൽ ജലസേചന വകുപ്പിന്റെതായി നീക്കി വച്ചിട്ടുണ്ട് എന്ന വിവരം SWAK നിന്നും അറിയിച്ചിട്ടുണ്ട് എന്നും ടി വിഷയം സംബന്ധിച്ച നിലവിലെ അവസ്ഥ ആരാഞ്ഞ് കൊണ്ട് SWAK ന് കത്ത് നൽകിയിട്ടുണ്ട് എന്നും മെമ്പർ സെക്രട്ടറി വിശദീകരിച്ചു. തോട്ടപ്പള്ളിയിൽ എക്കൽ നീക്കം ചെയ്യുന്നതിന്റെ മറവിൽ കരിമണൽ ഖനനമാണ് നടക്കുന്നതെന്നും ആയത് ഉത്കണ്ഠാജനകമാണെന്നും കൗൺസിൽ അംഗം ശ്രീ. സുബാഹു അഭിപ്രായപ്പെട്ടു.

ആറാം കൗൺസിൽ യോഗത്തിന്റെ മിനിട്ട്സിലെ തീരുമാനം നമ്പർ 4 ന്റെ അടിസ്ഥാനത്തിൽ കരവലി നടത്തുന്ന ട്രോളേഴ്സിനെതിരെയുള്ള ഇമ്പൗണ്ടിംഗ് നിയമ നടപടികളുമായി ബന്ധപ്പെട്ട് ടി മേഖലയിൽ പ്രവർത്തിക്കുന്നവരുടേയും ഉദ്യോഗസ്ഥരുടേയും യോഗം സർക്കാർ തലത്തിൽ 31.03.2023 ന് കൂടിയിട്ടുണ്ട് എന്നും തുടർ മീറ്റിംഗ് സർക്കാർ പരിഗണനയിലാണെന്നും ടി വിഷയം സംബന്ധിച്ച് ഫിഷറീസ് ഡയറക്ടറിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും മെമ്പർ സെക്രട്ടറി അറിയിച്ചു.

എസ്സ്.എഫ്.എം.സി. മീറ്റിംഗിൽ ചർച്ച ചെയ്യുന്ന വിഷയങ്ങളും തീരുമാനങ്ങളും ഒൻപത് തീരദേശ ജില്ലകളേയും അറിയിക്കണമെന്ന കഴിഞ്ഞ കൗൺസിൽ യോഗത്തിന്റെ തീരുമാനം

നമ്പർ 5 പ്രകാരം യോഗത്തിന്റെ മിനിട്ട്സ് 9 തീരദേശ ജില്ലകൾക്കും അയച്ച് നൽകിയിട്ടുണ്ടെന്ന് മെമ്പർ സെക്രട്ടറി വിശദീകരിച്ചു. കൂടാതെ സംസ്ഥാനത്തിലെ തീരദേശ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർമാരും ടി യോഗത്തിൽ ഓൺലൈൻ ആയി പങ്കെടുക്കുന്ന വിവരം അറിയിച്ചു. .

തീരക്കടലിൽ രണ്ടോ മൂന്നോ മണിക്കൂർ മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികൾ ഒറിജിനൽ ആധാർ അഥവാ തിരിച്ചറിയൽ രേഖ കൈയ്യിൽ കരുതണമെന്ന തീരുമാനം ഏകപക്ഷീയമായി എടുത്തതാണെന്നും ആയത് സാധാരണ മത്സ്യത്തൊഴിലാളികൾക്ക് വളരെ പ്രയാസം ഉണ്ടാക്കുന്നതാണെന്നും ആയത് അംഗീകരിക്കുവാൻ കഴിയില്ല എന്നും ആഴക്കടൽ മത്സ്യബന്ധനത്തിനു പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് മാത്രം ടി നിയമം ബാധകമാക്കിയാൽ മതിയെന്നും കൗൺസിൽ അംഗം ശ്രീ. പി. പി. ചിത്തരഞ്ജൻ എം.എൽ.എ. അഭിപ്രായപ്പെട്ടു. എന്നാൽ രാജ്യസുരക്ഷയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്നുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ തീരുമാനം കൈക്കൊണ്ടതെന്നും മത്സ്യത്തൊഴിലാളികൾക്ക് ക്യൂ. ആർ. ഇനേബിൾഡ് (QR Enabled) ആധാർ കാർഡ് നൽകിത്തുടങ്ങിയിട്ടുണ്ട് എന്നും ശ്രീ. താജുദ്ദീൻ, ജോയിന്റ് ഡയറക്ടർ അറിയിച്ചു. ഈ വിഷയം സംബന്ധിച്ച് കൂടുതൽ പരിശോധനകൾ നടത്തി മത്സ്യത്തൊഴിലാളികൾക്കിടയിൽ ബോധവൽക്കരണം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാം എന്നും ഫിഷറീസ് അഡീഷണൽ ഡയറക്ടർ ശ്രീമതി. ശ്രീലു എൻ. എസ്സ്. അഭിപ്രായപ്പെട്ടു.

ഫിഷിംഗ് വില്ലേജ് മാനേജ്മെന്റ് കൗൺസിൽ അംഗങ്ങളെ തീരുമാനിച്ചപ്പോൾ എല്ലാ ട്രേഡ് യൂണിയനുകൾക്കും അർഹിക്കുന്ന പ്രാധാന്യം നൽകണമായിരുന്നു എന്ന് ട്രേഡ് യുണിയൻ നേതാക്കളായ ശ്രീ. പി. പി. ഉദയഘോഷ്, ശ്രീ. ഉമ്മർ ഒട്ടുമ്മൽ തുടങ്ങിയവർ അഭിപ്രായപ്പെട്ടു. ഇപ്രകാരം ന്യൂനതകൾ ഉണ്ടെങ്കിൽ ആയത് നിവേദനമായി ട്രേഡ് യൂണിയൻ നേതാക്കൾ രേഖാമൂലം മെമ്പർ സെക്രട്ടറിക്ക് നൽകണമെന്നും ആയത് പരിശോധിച്ച് സർക്കാരിലേയ് സമർപ്പിക്കാമെന്നും അറിയിച്ചു.

എഫ്.വി.എം.സി., ഡി.എഫ്.എം.സി., എസ്സ്.എഫ്.എം.സി. എന്നിവയുടെ പ്രവർത്തനത്തിനായി ഒരു സൈക്കിൾ ഓഫ് ഓപ്പറേഷൻ നിശ്ചയിച്ച് കൃത്യമായ ഇടവേളകളിൽ മീറ്റിംഗ് നടത്തണമെന്ന് ഡോ. കെ. സുനിൽ മുഹമ്മദ്, പ്രിൻസിപ്പൽ സയന്റിസ്റ്റ് (റിട്ട.), സി.എം.എഫ്.ആർ.ഐ. അഭിപ്രായപ്പെട്ടു. ജില്ലാ തലത്തിൽ പരിഹരിക്കാൻ കഴിയാത്ത കാര്യങ്ങൾ എസ്സ്.എഫ്.എം.സി. യെ അറിയിച്ച് ചെയർമാന്റേയും സർക്കാരിന്റേയും ശ്രദ്ധയിൽപ്പെടുത്തുന്ന താണ് എന്ന് മെമ്പർ സെക്രട്ടറി അറിയിച്ചു.

എസ്സ്.എഫ്.എം.സി. യുടെ 2019-20 മുതൽ 2022-23 സാമ്പത്തിക വർഷം വരെയുള്ള കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിന് ലഭ്യമായ ഏറ്റവും താഴ്ന്ന നിരക്കിലുള്ള 'Expression of Interest' - ന്റെ അടിസ്ഥാനത്തിൽ വാർഷിക ഓഡിറ്റ് നടത്തുവാൻ കൗൺസിൽ അനുമതി

വേണമെന്ന് മെമ്പർ സെക്രട്ടറി അറിയിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുവാൻ കൗൺസിൽ മെമ്പർ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

ശുചിത്വ സാഗരം സുന്ദര തീരം എന്ന ഫിഷറീസ് വകുപ്പിന്റെ പദ്ധതി പോലെ തീരത്തുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് നീക്കം ചെയ്യുന്നതിനു നടപടി എഫ്.വി.എം.സി. മുഖേന നടപ്പിലാക്കണമെന്ന് ഫിഷറീസ് ഡയറക്ടർ അഭിപ്രായപ്പെട്ടു. ഇതിനായി എഫ്.വി.എം.സി. - കൾ ബോധവത്ക്കരണം നടത്തേണ്ടതും, തീരദേശങ്ങളിൽ ഹരിത കർമ്മ സേനയുടെ സഹായത്താൽ തുടർ പ്രവർത്തനം നടത്തേണ്ടതുമാണ്. സംസ്ഥാന കൗൺസിൽ അംഗങ്ങൾക്ക് സ്വാധീനമുള്ള പ്രദേശങ്ങളിൽ അവർ യഥാവിധി ടി പ്രവർത്തിക്ക് മേൽനോട്ടം വഹിക്കണമെന്നും ചെയർമാൻ അഭിപ്രായപ്പെട്ടു. ഇതിന്റെ ആദ്യ ഘട്ടമായി തിരുവനന്തപുരം ജില്ലയിലെ തീരദേശങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി തീയതി നിശ്ചയിച്ചു നൽകുന്നതിന് തിരുവനന്തപുരം ജില്ല കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട് എന്ന് ഫിഷറീസ് ഡയറക്ടർ അറിയിച്ചു.

Micro Plastics in Sea food industry എന്ന വിഷയവുമായി ബന്ധപ്പെട്ട് ഇന്ന് നമ്മുടെ നാട് നേരിടുന്ന പരിസ്ഥിതി വിഷയമായ പ്ലാസ്റ്റിക് നിർമ്മാർജ്ജനം സംബന്ധിച്ച് അവബോധം സ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ ആരംഭിക്കണമെന്ന് ശ്രീ. അലക്സ് കെ. നൈനാൻ, സീ ഫുഡ് എക്സ്പോർട്ടേഴ്സ് അസോസിയേഷൻ അഭിപ്രായപ്പെട്ടു. കൂടാതെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്ഥമായ മത്സ്യബന്ധന നിയമമാണ് കേരളത്തിൽ നിലനിൽക്കുന്നതെന്നും ടി നിയമങ്ങൾ എല്ലാം ഏകീകരിച്ച് 'Harmonisation of Sea Rules' അഥവാ Uniform Law Implementation ആവശ്യമാണെന്നും ഇക്കാര്യങ്ങൾ ചർച്ചയ്ക്ക് വിധേയമാക്കണമെന്നും കൗൺസിലിൽ അഭിപ്രായം ഉണ്ടായി.

Auriga Fish ഒക്ടോബർ - ഫെബ്രുവരി മാസങ്ങളിൽ മാത്രം കാണപ്പെടുന്നതാണെന്നും ഒരു വർഷം മാത്രമേ ഇവയ്ക്ക് ആയുസ്സ് ഉള്ളൂവെന്നും മറ്റ് മത്സ്യങ്ങളെ അപേക്ഷിച്ച് ഒമേഗ 3 ഫാറ്റി ആസിഡ് ഇവയിൽ വളരെ കൂടുതലാണെന്നും ഇത് സംബന്ധിച്ച് മംഗലാപുരം കേന്ദ്രീകരിച്ച് ഒരു പഠനം നടത്തിയുണ്ടെന്നും CMFRI Principal Scientist ഡോ. രാമചന്ദ്രൻ അഭിപ്രായപ്പെട്ടു. എന്നാൽ, മറ്റ് സംസ്ഥാനങ്ങളിൽ, (തമിഴ്നാട്, കർണ്ണാടകം എന്നിവിടങ്ങളിൽ) ഇവയെ മത്സ്യത്തൊഴിലാളികൾ പിടിക്കുന്നുണ്ടെന്നും ആയത് ഫിഷ് മീൽ പ്ലാന്റുകളിൽ എത്തിക്കുന്നത് മൂലം ധാരാളം വിപണി മൂല്യം ലഭിക്കുന്നുണ്ട് എന്നും ശ്രീ. ജോസഫ് സേവ്യർ കളപ്പുരയ്ക്കൽ അഭിപ്രായപ്പെട്ടു. കേരളത്തിലും ഈ മത്സ്യം പിടിക്കാൻ പെർമിറ്റ് ലഭിച്ചാൽ അതുവഴി മത്സ്യത്തൊഴിലാളികൾക്ക് സാമ്പത്തികമായി വളരെ സഹായമാവുമെന്നും വിവിധ ട്രേഡ് യൂണിയൻ പ്രതിനിധികൾ അഭിപ്രായപ്പെട്ടു. കേരളത്തിൽ ജുവനൈൽ ഫിഷിംഗ് അനുവദിച്ചിട്ടില്ലാത്തതിനാൽ ഒറിഗാ ഫിഷ് പിടിക്കുന്നതിന് മാത്രമായി അനുമതി നൽകുമ്പോൾ ആയത് മത്സ്യമേഖലയ്ക്ക് ദോഷകരമാകുമെന്നും ടി വിഷയം ശ്രദ്ധാപൂർവ്വം കൈകാര്യം

ചെയ്യേണ്ടതാണെന്നും, ഈ മത്സ്യത്തെ മത്സ്യത്തൊഴിലാളികൾ identify ചെയ്യേണ്ടതുണ്ടെന്നും ശ്രീ. താജുദ്ദീൻ, ഫിഷറീസ് ജോയിന്റ് ഡയറക്ടർ അഭിപ്രായപ്പെട്ടു. അതിലേയ്ക്കായി ഒരു ബോധവൽക്കരണം സി.എം.എഫ്.ആർ.ഐ. മുഖേന മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നത് ഗുണകരമാണെന്നും ഫിഷറീസ് ഡയറക്ടർ അഭിപ്രായപ്പെട്ടു. ഒറിഗാ ഫിഷ് പിടിക്കുന്നതിന് പരീക്ഷണാടിസ്ഥാനത്തിൽ ക്വാട്ട നിശ്ചയിച്ച് അനുമതി നൽകുന്നതിനായി സർക്കാർ തലത്തിൽ തീരുമാനമെടുക്കുന്നതിനും ഇതേ കാലയളവിൽ സി.എം.എഫ്.ആർ.ഐ. ഒരു പഠനം നടത്തേണ്ടതാണെന്നും ഫിഷറീസ് ഡയറക്ടർ അഭിപ്രായപ്പെട്ടു.

തുടർന്ന് പർപ്പിൾ സ്ക്വിഡിന്റെ ഫിഷിംഗ് സംബന്ധിച്ച് ചർച്ച ചെയ്തു. ലക്ഷദ്വീപ് ഭാഗത്ത് പർപ്പിൾ സ്ക്വിഡിനെ ധാരാളമായി കണ്ടുവരുന്നതായി റിപ്പോർട്ട് ഉണ്ടെന്നും ആയതിന്റെ ഫിഷിംഗ് സാധ്യതകളെ കുറിച്ച് ചർച്ച ചെയ്യുന്നതിനായും ഫിഷറീസ് ഡയറക്ടർ ആവശ്യപ്പെട്ടു. കടലിന്റെ അടിത്തട്ടിൽ കാണുന്ന ഭക്ഷ്യയോഗ്യമായ ഈ മത്സ്യത്തെ ഹൈ വോൾട്ടേജ് ലൈറ്റ് ഉപയോഗിക്കുമ്പോൾ ടി മത്സ്യം അടിത്തട്ടിൽ നിന്നും മിഡ് വാട്ടറിലേയ്ക്ക് ഉയർന്നുവരുന്നുവെന്നും മിഡ് വാട്ടർ ട്രോളേഴ്സ് ഉപയോഗിച്ച് അവയെ പിടിച്ചെടുക്കാൻ കഴിയുമെന്നും സി.എം.എഫ്.ആർ.ഐ. അഭിപ്രായപ്പെട്ടു. ടി മത്സ്യം കയറ്റുമതി സാദ്ധ്യത ഉള്ളതാണെന്നും ആയത് പിടിച്ചെടുക്കുന്നതിന് പ്രത്യേക ഒരുക്കങ്ങൾ ആവശ്യമാണെന്നും MPEDA പ്രതിനിധി അഭിപ്രായപ്പെട്ടു. ആയതിനാൽ പർപ്പിൾ സ്ക്വിഡ് ഫിഷിംഗിനെ കുറിച്ച് സി.ഐ.എഫ്.റ്റി., സി.എം.എഫ്.ആർ.ഐ., എഫ്.എസ്സ്.ഐ. തുടങ്ങിയ കേന്ദ്ര സ്ഥാപനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു എക്സ്പിരിമെന്റൽ സ്റ്റഡി നടത്തുന്നത് നല്ലതാണെന്നും അതിനായി സിഫ്റ്റ് (CIFT) ഒരു പ്രോപ്പോസൽ തയ്യാറാക്കി നൽണ്ടേതാണെന്നും ഫിഷറീസ് ഡയറക്ടർ ആവശ്യപ്പെട്ടു.

ഇന്ത്യൻ കോസ്റ്റ്ഗാർഡിനെ പ്രതിനിധീകരിച്ച് അസിസ്റ്റന്റ് കമാന്റന്റ് ശ്രീ. ശിവരാജ് കൗൺസിലിൽ പങ്കെടുത്തു. കടലിൽ മത്സ്യബന്ധനത്തിന് ഏർപ്പെടുന്ന മത്സ്യത്തൊഴിലാളി കളുടെ Safety and Security ഉറപ്പ് വരുത്തുന്നതിന് ഇന്ത്യൻ കോസ്റ്റ്ഗാർഡ് മുന്തിയ പരിഗണന നൽകുന്നുവെന്നും പ്രത്യേകിച്ചും മൺസൂൺ കാലത്ത് കടലിൽ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന മത്സ്യത്തൊഴിലാളികൾ ജീവൻ രക്ഷാ ഉപകരണങ്ങൾ (Life saving equipments) കരുതണമെന്നും മത്സ്യത്തൊഴിലാളികളെ തിരിച്ചറിയുന്നതിനുള്ള ബയോമെട്രിക് കാർഡ് കരുതണമെന്നതിനെ സംബന്ധിച്ചുമുള്ള ബോധവത്കരണം നൽകണമെന്നും കോസ്റ്റ്ഗാർഡ് അഭിപ്രായപ്പെട്ടു.

**തീരുമാനങ്ങൾ**

1. എഫ്.വി.എം.സി. കളിലെ അംഗങ്ങളെ തിരഞ്ഞെടുത്തതിൽ വിവിധ ട്രേഡ് യൂണിയനുകളുടെ പ്രാതിനിധ്യം സംബന്ധിച്ച് അംഗങ്ങൾ ഉയർത്തിയ പരാതി പരിശോധിച്ച് ട്രേഡ് യൂണിയൻ പ്രതിനിധികൾ സമർപ്പിക്കുന്ന നിവേദനം സർക്കാരിലേയ്ക്ക് സമർപ്പിക്കണം.
2. എഫ്.വി.എം.സി., ഡി.എഫ്.എം.സി. എന്നിവ കൃത്യമായ ഇടവേളകളിൽ യോഗങ്ങൾ ചേർന്ന് റിപ്പോർട്ട് സമർപ്പിക്കണം.
3. ഫിഷിംഗ് വില്ലേജ് മാനേജ്മെന്റ് കൗൺസിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് തീരദേശങ്ങളിലെ പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനത്തിനായി നടപടി സ്വീകരിക്കണം.
4. എസ്സ്.എഫ്.എം.സി. യിലെ 2019-20 മുതൽ 2022-23 കാലയളവിലെ വരവ് ചെലവ് കണക്കുകളുടെ ഓഡിറ്റ്, 'Expression of Interest' പ്രകാരം നടത്താൻ നടപടി സ്വീകരിക്കണം.

യോഗം ഉച്ചയ്ക്ക് 1.30 ന് അവസാനിച്ചു.

മെമ്പർസെക്രട്ടറി

ചെയർമാൻ